**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3951** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ആരാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. വിദ്യാഭ്യാസ സഹായ പദ്ധതികൾ
3. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
4. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി
5. ഓഖി പുനരധിവാസ പദ്ധതികൾ
6. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിയ്ക്കുന്ന പദ്ധതി.
7. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം.
8. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി.
9. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി.
10. തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി.
11. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി യും ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി.

    മേൽ പദ്ധതികൾക്ക് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളെയാണ് ആനുകൂല്യങ്ങൾക്കായി തെരഞ്ഞെടുക്കുന്നത്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ പ്രകാരം ജില്ലാ ഓഫീസർമാർ മുഖേന അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി DBT വഴിയാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്.
12. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
13. പുനർഗേഹം പദ്ധതി

മേൽ പദ്ധതികൾ സർക്കാർ മാനദണ്ഡ പ്രകാരം അർഹരായവരെ ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റി മുഖാന്തിരം തെരഞ്ഞെടുക്കുന്നു. ആനുകൂല്യങ്ങൾ ജില്ലാ ഓഫീസർമാർ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് DBT വഴി അനുവദിച്ചു നൽകുന്നു.

14. മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി

ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും (FIMS ൽ) ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ എൻ-റോൾ ചെയ്തിട്ടുള്ളതുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു.

15. മത്സ്യത്തൊഴിലാളികൾക്ക് 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം. -

കടാശ്വാസ കമ്മീഷൻ അർഹത നിശ്ചയിച്ച് ഓഡിറ്റിംഗ് നടത്തി ഫിഷറീസ് വകുപ്പ് മുഖേന കടാശ്വാസം അനുവദിക്കുന്നു.

16. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി മോട്ടറേഷൻ സബ്സിഡി, ഗിയർ സബ്സിഡി - മത്സ്യഫെഡ് മുഖേന

**സെക്ഷൻ ഓഫീസർ**